(എ) ഉപ്പള, മുമ്പോടി, അഭിയ, ശീരിയ, കൊയിപ്പാടി കടപ്പുറം എന്നീ സ്ഥലങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി)ഓരോന്നിലും നിർദ്ദേശിക്കപ്പെട്ട നിർമ്മാണ ചെലവ് എത്ര രൂപയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) &ബി) മുബിമ്പോഡി അഭിയ ബീച്ചിൽ ഉപ്പള ശാരദ ഭജന മന്ദിരത്തിന് സമീപം ചെയിനേജ് 8/850 മുതൽ 9/350 കി.മീ. വരെ 500 മീറ്റർ നീളത്തിലും ശീരിയ കടപ്പുറത്ത് ചെയിനേജ് 16/500 മുതൽ 17/000 കി.മീ. വരെ നീളത്തിലും പരീക്ഷണാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനു വേണ്ടി ചീഫ് എഞ്ചിനീയറിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിരുന്നു. എന്നാൽ ഈ പണികൾക്ക് ബഡ്ജറ്റിൽ വേണ്ടത്ര തുക വക കൊള്ളിച്ചിരുന്നില്ല. 1999-ലെ പുതുക്കിയ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. കോയിപ്പാടി കടപ്പുറത്ത് ചെയിനേജ് 21/000 മുതൽ 22/000കി.മീ. വരെ 1 കി.മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് വേണ്ടി 1999-ലെ പുതുക്കിയ ഷെഡ്യൂൾ അനുസരിച്ച് 190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**കേരളത്തിൽ നിന്ന് വിദേശത്തേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾ**

65 (229) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ . ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നും വിദേശത്തേക്ക് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾ വിദേശ കമ്പനികളുടേയോ സ്ഥാപനങ്ങളുടേയോ യഥാർത്ഥ പ്രതിനിധികളാണെന്നും തൊഴിൽദായകർ ന്യായമായ വ്യവസ്ഥകളിലാണ് തൊഴിലാളികളെ ജോലിക്കെടുക്കുന്നതെന്നും ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഒഡേപെക്, നോർക്ക എന്നീ വകുപ്പുകൾക്ക് ഇവ നിരീക്ഷിക്കാൻ എന്തെല്ലാം സംവിധാനമുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ ഒ.ഡി.ഇ.പി.സി വിദേശ തൊഴിൽ ദാതാക്കളിൽ നിന്നും തൊഴിലവസരങ്ങൾ ലഭിക്കുമ്പോൾ ആദ്യമായി ആ സ്ഥാപനത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും ആ രാജ്യത്തെ ഇൻഡ്യൻ എംബസിയോട് അന്വേഷിച്ച ശേഷം അനുകൂലമായ മറുപടി ലഭിക്കുകയാണെങ്കിൽ മാത്രമേ ആ സ്ഥാപനത്തിലേക്ക് ഉദ്യോഗാർത്ഥികളെ

LIBRARY ARCHIVES Kerala Legislative Assembly

അയയ്ക്കാറുള്ളു. മാത്രവുമല്ല വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട പ്രധാന രേഖകളായ ഡിമാന്റ് ലറ്റർ, പവർ ഓഫ് അറ്റോണി, എംപ്ലോയ്മെന്റ് കോൺട്രാക്റ്റ് മുതലായ വിദേശ തൊഴിൽദാതാവിൽ നിന്നും വാങ്ങി അവയുടെ നിജസ്ഥിതി ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ അനന്തര നടപടി സ്വീകരിക്കാറുള്ളു. കൂടാതെ കേരള സർക്കാരിന്റെ പ്രവാസി കേരളീയ കാര്യ വകുപ്പ് വിദേശത്തേക്ക് ജോലിക്ക് ശ്രമിക്കുന്നവർ അംഗീകൃത റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന മാത്രമേ അത് നടത്താവൂ എന്നും, ഏജൻസികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പരാതി ഉണ്ടെങ്കിൽ അവ സർക്കാരിനെ അറിയിക്കണമെന്നും വിദേശത്തേക്ക് പോകുന്നതിന് മുമ്പ് തൊഴിൽ കരാറിൽ ഏർപ്പെട്ടിരിക്കണമെന്നും വിവിധ വാർത്താ മാധ്യമങ്ങൾ വഴി പ്രചാരണവും നടത്തി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ എമിഗ്രേഷൻ ആക്ടിൽ റിക്രൂട്ട്മെന്റിന്റെ സുതാര്യത ഉറപ്പു വരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉണ്ട്. വിദേശത്തെ ഇൻഡ്യൻ എംബസിയിൽ നിന്നും അനുമതി ലഭിച്ചാൽ മാത്രമേ ആ രാജ്യത്തേക്ക് നിയമാനുസൃതമായ റിക്രൂട്ട്മെന്റ് നടത്താൻ കഴിയുകയുള്ളു. ഇവയെല്ലാം കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്ന സംഗതികളാണ്.

(ബി) ഒ.ഡി.ഇ.പി.സി വഴി റിക്രൂട്ട്ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ തൊഴിൽ വ്യവസ്ഥകൾ ഉറപ്പു വരുത്തുന്നുണ്ട്. ഇതിന് നോർക്കയിൽ പ്രത്യേക സംവിധാനമില്ല. പ്രാഥമികമായും ഇത് കേന്ദ്ര ഗവൺമെന്റിന്റെ പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിന്റെ ചുമതലയിൽപ്പെടുന്നതാണ്.

**റിക്രൂട്ട്മെന്റ് ഏജൻസികളുടെ പ്രവർത്തനം**

**66 (230)** ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ ജോലിക്കായി ആളുകളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികൾക്ക് സംസ്ഥാനത്തു നിന്നും ആളുകളെ റിക്രൂട്ട് ചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഇത്തരം ഏജൻസികളുടെ നിജസ്ഥിതി അന്വേഷിക്കുന്നതിനും ആളുകൾ കബളിപ്പിക്കപ്പെടാതിരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സർക്കാർ പൊതുമേഖലാ സ്ഥാപനവും തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ളതുമായ ഒ.ഡി.ഇ.പി.സി ക്ക് സംസ്ഥാനത്തു നിന്നും വിദേശ ജോലിക്കായി ആൾക്കാരെ റിക്രൂട്ട് ചെയ്യുന്നതിന് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ലൈസൻസ് കിട്ടിയിട്ടുണ്ട്. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിലുള്ള പ്രൊട്ടക്ടർ ജനറൽ ഓഫ് എമിഗ്രൻസിന്റെ അംഗീകാരമുള്ള

LIBRARY ARCHIVES Kerala Legislative Assembly